**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1071** **30-06-2022 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം ചർച്ച ചെയ്യുന്നതിനായി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 30.08.2021 ന് എറണാകുളം ഗസ്റ്റ് ഹൗസിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം പത്ത് ദിവസത്തിനകം സമർപ്പിക്കാൻ നിർദേശിച്ചിരുന്ന മണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | 30/08/2021 ന് ചേർന്ന യോഗത്തിലെ നിർദ്ദേശ പ്രകാരം സമർപ്പിക്കാൻ നിർദേശിച്ചിരുന്ന കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് നിർദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിച്ചില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി വൈപ്പിൻ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 30/08/2021 ന് ചേർന്ന യോഗത്തിലെ നിർദ്ദേശ പ്രകാരം സമർപ്പിക്കാൻ നിർദേശിച്ചിരുന്ന കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് നിർദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിച്ചില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി വൈപ്പിൻ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ? | (സി) | 30/08/2021 ന് ചേർന്ന യോഗത്തിലെ നിർദ്ദേശ പ്രകാരം സമർപ്പിക്കാൻ നിർദേശിച്ചിരുന്ന കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് നിർദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിച്ചില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി വൈപ്പിൻ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ നിലവിൽ പുരോഗമിച്ചു വരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# കേരള വാട്ടർ അതോറിറ്റി

# വൈപ്പിൻ നിയോജക മണ്ഡലത്തിലെ കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട്

(കടമക്കുടി, മുളവുകാട് പഞ്ചായത്തുകളിലെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല)

## വാട്ടർ സപ്ലൈ ഡിവിഷൻ
## കൊച്ചി

| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | വൈപ്പിൻ മേഖലയിലെ പൊതുവായ വിവരങ്ങൾ | 03 |
| 2 | ശുദ്ധജല വിതരണ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ | 04 |
| 3 | ശുദ്ധജല വിതരണ കണക്ഷനുകളെ സംബന്ധിച്ച വിവരങ്ങൾ | 05 |
| 4 | ആവശ്യകതയെയും, വിതരണത്തെയും സംബന്ധിച്ച വിവരങ്ങൾ | 06 |
| 5 | കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച വിവരങ്ങൾ | 07 |
| 6 | ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം നൽകിയ കണക്ഷനുകളുടെ വിവരങ്ങൾ | 09 |
| 7 | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചൊവ്വര ജല ശുദ്ധീകരണ ശാലയിൽ നടപ്പിലാക്കേണ്ട പ്രവർത്തികളെ സംബന്ധിച്ച വിവരങ്ങൾ | 10 |
| 8 | ശുദ്ധജല വിതരണത്തിന്റെ രേഖാചിത്രങ്ങൾ | 11 |

## വൈപ്പിൻ മേഖലയിലെ പൊതുവായ വിവരങ്ങൾ :

- ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ച് :

| ക്രമ നമ്പർ | പഞ്ചായത്ത് | വാർഡുകളുടെ എണ്ണം | 2011-ലെ ജനസംഖ്യ | 2022-ലെ ജനസംഖ്യ (Projected) |
|---|---|---|---|---|
| 1 | എളംകുന്നപ്പുഴ | 23 | 50,157 | 53,768 |
| 2 | ഞാറക്കൽ | 16 | 26,099 | 27,978 |
| 3 | നായരമ്പലം | 16 | 26,507 | 28,416 |
| 4 | എടവനക്കാട് | 15 | 23,530 | 25,224 |
| 5 | കുഴുപ്പിള്ളി | 13 | 25,767 | 27,622 |
| 6 | പള്ളിപ്പുറം | 23 | 44,907 | 48,140 |
| | **മൊത്തം എണ്ണം** | **106** | **1,96,967** | **2,11,148** |

- ശുദ്ധജല വിതരണ കണക്ഷനുകളെ സംബന്ധിച്ച് :

| ക്രമ നമ്പർ | വിഭാഗം | എണ്ണം |
|---|---|---|
| 1 | ഗാർഹിക കണക്ഷനുകൾ | 50,427 |
| 2 | ഗാർഹികേതര കണക്ഷനുകൾ | 2,324 |
| 3 | വ്യാവസായിക കണക്ഷനുകൾ | 74 |
| | **മൊത്തം കണക്ഷനുകൾ എണ്ണം** | **52,825** |

| | |
|---|---|
| **മൊത്തം പൊതുടാപ്പുകളുടെ എണ്ണം** | **2,312** |

## ശുദ്ധജല വിതരണ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ :

### എറണാകുളം മട്ടാഞ്ചേരി ശുദ്ധജല വിതരണ പദ്ധതി

2003-ൽ സ്ഥാപിച്ചിട്ടുള്ള പ്രസ്തുത പദ്ധതിയിലൂടെയാണ് എളംകുന്നപ്പുഴ പഞ്ചായത്തിൽ പൂർണ്ണമായും, ഞാറക്കൽ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ശുദ്ധജലം വിതരണം ചെയ്യുന്നത്. പെരിയാറിൽ നിന്നുമുള്ള ജലം ആലുവ ജലശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് പൈപ്പിലൂടെ വടുതല ജല സംഭരണിയിൽ എത്തിക്കുകയും, അവിടെ നിന്നും കായലിനടിയിലൂടെ സ്ഥാപിച്ചിട്ടുള്ള പൈപ്പിലൂടെ പമ്പ് ചെയ്താണ് വൈപ്പിനിലെ ഓച്ചംതുരുത്തിൽ സ്ഥാപിച്ചിട്ടുള്ള 50 ലക്ഷം ശേഷിയുള്ള ജല സംഭരണിയിൽ എത്തിക്കുന്നത്. അവിടെ നിന്നും ഒന്നിടവിട്ട ദിവസങ്ങളിൽ ഫോർട്ട് വൈപ്പിൻ ഉൾപ്പെട്ട എളംകുന്നപ്പുഴ പഞ്ചായത്തിന്റെ തെക്ക് ഭാഗത്തേക്കും, ഞാറക്കൽ ഉൾപ്പെട്ട എളംകുന്നപ്പുഴ പഞ്ചായത്തിന്റെ വടക്ക് ഭാഗത്തേക്കും വെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുന്നു. ജിഡ പദ്ധതിയിൽ മാലിപ്പുറത്തു നിർമ്മിച്ചിട്ടുള്ള 13.80 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയും ഇതിനായി ഉപയോഗിക്കുന്നുണ്ട്. 10 ദശലക്ഷം (10 Mld) വെള്ളമാണ് ദിനംപ്രതി ഇപ്രകാരം വിതരണം ചെയ്യുന്നത്. ആലുവയിൽ നിന്നും ലഭിക്കുന്ന വെള്ളത്തിന്റെ അളവിലുണ്ടാകുന്ന നേരിയ കുറവ് പോലും ജല വിതരണത്തെ ബാധിക്കാറുണ്ട്.

### ചൊവ്വര ജല ശുദ്ധീകരണ പദ്ധതി

2006-ൽ പ്രവർത്തനം ആരംഭിച്ച പ്രസ്തുത പദ്ധതി മുഖേനയാണ് പള്ളിപ്പുറം, കുഴുപ്പുള്ളി, എടവനക്കാട്, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ പൂർണ്ണമായും, ഞാറക്കൽ പഞ്ചായത്തിലെ കുറെ ഭാഗങ്ങളിലും വെള്ളം വിതരണം ചെയ്യുന്നത്. പെരിയാറിൽ നിന്നുമുള്ള ജലം ചൊവ്വര ജലശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് പൈപ്പിലൂടെ വടക്കൻ പറവൂരിലുള്ള ജല സംഭരണിയിൽ എത്തിച്ച്, അവിടെ നിന്നും പമ്പ് ചെയ്താണ് വെള്ളം വൈപ്പിൻ മേഖലയിലേക്ക് എത്തിക്കുന്നത്. ജിഡ ഫിഷറീസ് പദ്ധതിയിൽ എടവനക്കാട് അണിയിൽ നിർമ്മിച്ചിട്ടുള്ള 11.15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയും ഇതിനായി ഉപയോഗിക്കുന്നുണ്ട്. വൈപ്പിൻ മേഖലയിലേക്ക് മാത്രമായി ഏകദേശം 15 ദശലക്ഷം (15 Mld) വെള്ളമാണ് ദിനംപ്രതി ഇപ്രകാരം വിതരണം ചെയ്യുന്നത്. ചൊവ്വരയിൽ നിന്നും ലഭിക്കുന്ന വെള്ളത്തിന്റെ അളവിലുണ്ടാകുന്ന കുറവ് വിതരണത്തെ കാര്യക്ഷമമായി ബാധിക്കാറുണ്ട്.

## ശുദ്ധജല വിതരണ കണക്ഷനുകളെ സംബന്ധിച്ച വിവരങ്ങൾ :

| ക്രമ നമ്പർ | പഞ്ചായത്ത് | ഗാർഹിക കണക്ഷനുകൾ | ഗാർഹികേതര കണക്ഷനുകൾ | വ്യാവസായിക കണക്ഷനുകൾ | മൊത്തം എണ്ണം |
|---|---|---|---|---|---|
| 1 | എളംകുന്നപ്പുഴ | 13,629 | 686 | 11 | **14,326** |
| 2 | ഞാറക്കൽ | 6,860 | 308 | 4 | **7,172** |
| 3 | നായരമ്പലം | 6,986 | 176 | 3 | **7,165** |
| 4 | എടവനക്കാട് | 6,374 | 214 | 7 | **6,595** |
| 5 | കുഴുപ്പിള്ളി | 3,660 | 201 | 3 | **3,864** |
| 6 | പള്ളിപ്പുറം | 12,918 | 739 | 46 | **13,703** |
| | **മൊത്തം എണ്ണം** | **50,427** | **2,324** | **74** | **52,825** |

| ക്രമ നമ്പർ | പഞ്ചായത്ത് | പൊതുടാപ്പുകളുടെ എണ്ണം |
|---|---|---|
| 1 | എളംകുന്നപ്പുഴ | 699 |
| 2 | ഞാറക്കൽ | 338 |
| 3 | നായരമ്പലം | 259 |
| 4 | എടവനക്കാട് | 360 |
| 5 | കുഴുപ്പിള്ളി | 189 |
| 6 | പള്ളിപ്പുറം | 467 |
| | **മൊത്തം എണ്ണം** | **2,312** |

## ആവശ്യകതയെയും, വിതരണത്തെയും സംബന്ധിച്ച വിവരങ്ങൾ :

| ക്രമ നമ്പർ | പഞ്ചായത്ത് | ആവശ്യകത (Mld) | വിതരണം (Mld) | അന്തരം (Mld) |
|---|---|---|---|---|
| 1 | എളംകുന്നപ്പുഴ | 8.07 | 7.00 | 1.07 |
| 2 | ഞാറക്കൽ | 4.20 | 3.00 | 1.20 |
| 3 | നായരമ്പലം | 4.26 | 2.90 | 1.36 |
| 4 | എടവനക്കാട് | 3.78 | 3.30 | 0.48 |
| 5 | കുഴുപ്പിള്ളി | 4.14 | 1.74 | 2.40 |
| 6 | പള്ളിപ്പുറം | 7.22 | 5.70 | 1.52 |
| | **മൊത്തം** | **31.67** | **23.64** | **8.03** |

ആലുവയിൽ നിന്നും, ചൊവ്വരയിൽ നിന്നും അധികമായി വെള്ളം ലഭിച്ചാൽ മാത്രമേ ആവശ്യകതയും, വിതരണവും തമ്മിലുള്ള അന്തരം കുറക്കുവാൻ സാധിക്കുകയുള്ളൂ.

ആലുവയിൽ നിന്നും വടുതല ജലസംഭരണിയിലേക്ക് വെള്ളം എത്തിക്കുന്ന പൈപ്പ് വടുതല റെയിൽവേ ലൈനിനടിയിൽ നേരത്തെ സംഭവിച്ചിട്ടുള്ള ലീക്കിന്റെ ഭാഗമായി വ്യാസം കുറഞ്ഞ പൈപ്പ് സ്ഥാപിച്ച്, അതിലൂടെയാണ് വെള്ളം എത്തിക്കുന്നത്. പ്രസ്തുത പൈപ്പും, ചതുപ്പിലൂടെയും മറ്റും സ്ഥാപിച്ചിട്ടുള്ള പൈപ്പും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

## കുടിവെള്ള ക്ഷാമത്തെ സംബന്ധിച്ച വിവരങ്ങൾ :

ആലുവയിൽ നിന്നുമുള്ള വെള്ളത്തിന്റെ അളവിൽ കുറവ് സംഭവിക്കുമ്പോഴാണ് എളംകുന്നപ്പുഴ, ഞാറക്കൽ എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നത്.

ചൊവ്വരയിൽ നിന്നുമുള്ള പമ്പിങ് സമയത്തിലുണ്ടാകുന്ന കുറവ് മൂലമാണ് പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നത്.

തുടർച്ചയായി പമ്പിംഗ് നടന്നാൽ മാത്രമേ വിതരണ ശൃംഖലയുടെ അറ്റത്തുള്ളവർക്ക് വെള്ളം ലഭിക്കുകയുള്ളൂ. അത്യവശ്യ അറ്റകുറ്റപ്പണികൾക്കോ, വൈദ്യുതി തടസ്സം മൂലമോ പമ്പിംഗ് നിർത്തിയാൽ അത് വിതരണത്തെ ബാധിക്കുകയും, പരാതികൾ ഉയർന്നു വരുകയും ചെയ്യും.

വൈപ്പിൻ മേഖലയിലെ ഏറ്റവും രൂക്ഷതയുള്ള സ്ഥലങ്ങൾ താഴെപ്പറയുന്നവയാണ്.

**1.** പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിലെ ഡിസ്പെൻസറി മുതൽ മുനമ്പം വരെയുള്ള ഭാഗം - നിലവിലുള്ള വിതരണ ശൃംഖലയുടെ അവസാനമായതിനാൽ തന്നെ പമ്പിംഗ് കുറച്ചു സമയം നിറുത്തിയാൽ തന്നെ ഇവിടെ കുടിവെള്ള ക്ഷാമം അനുഭവപ്പെടും.

ഇതിന് ഒരു ശാശ്വത പരിഹാരം ഉണ്ടാകണമെങ്കിൽ പ്രസ്തുത ഭാഗത്തേക്ക് മാത്രമായി ഒരു ഫീഡർ ലൈൻ സ്ഥാപിക്കേണ്ടതായി വരും. ഇതിനായുള്ള അടങ്കൽ State Plan-ൽ ഉൾപ്പെടുത്തി തയ്യാറാക്കിയിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലവും, പൈപ്പുകൾ സ്ഥാപിക്കുവാൻ പൊതു മരാമത്ത് വകുപ്പിന്റെ ചെറായി മുതൽ മുനമ്പം വരെയുള്ള സംസ്ഥാന പാതയുടെ കിഴക്കേ ഭാഗം മുറിച്ച് പൈപ്പ് ഇടേണ്ടതിനാലും പ്രസ്തുത പ്രവൃത്തിയുമായി മുന്നോട്ട് പോയില്ല. ബദൽ വഴികൾ പരിശോധിച്ചെങ്കിലും, ഒരുപാട് വളവുകളും, തിരുവുകളും ഉള്ളതിനാൽ സാങ്കേതികമായി സാധ്യതയില്ലാത്തതായിരുന്നു.

ഫീഡർ ലൈനുകൾ സ്ഥാപിക്കുന്നതിന് ഫണ്ട് കണ്ടെത്തുകയും, പൊതുമരാമത്ത് വകുപ്പിൽ നിന്നുമുള്ള അനുമതി ലഭ്യമാക്കുകയും ചെയ്താൽ പള്ളിപ്പുറം ഗ്രാമ പഞ്ചായത്തിലെ ഡിസ്പെൻസറി മുതൽ മുനമ്പം ഭാഗത്തെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കാണുവാൻ സാധിക്കും.

മുനമ്പം ഭാഗത്ത് ഉപ്പ് വെള്ള ശുദ്ധീകരണ ശാല (Desalination Plant) സ്ഥപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭ ചർച്ച 06-11-2021-ന് നടത്തിയിട്ടുള്ളതും,

ഇതിന്റെ പ്രിലിമിനറി എഞ്ചിനിയറിംഗ് റിപ്പോർട്ട് (PER) തയ്യാറാക്കുവാൻ NIOT- ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, സ്ഥലത്തിന്റെ വിശദാംശങ്ങൾ, ക്ലിയറൻസ് എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാൻ ഫിഷറീസ് ജോയിന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**2.** എടവനക്കാട് ഗ്രാമ പഞ്ചായത്തിലെ കണ്ണു വെള്ളക്കെട്ട് ഭാഗം - പമ്പിംഗിൽ ഉണ്ടാകുന്ന കുറച്ചിൽ ഏറ്റവും അധികം ബാധിക്കുന്ന ഒരു പ്രദേശമാണിത്. പ്രസ്തുത ഭാഗത്തേക്ക് മാത്രമായി ഒരു ഫീഡർ ലൈൻ സ്ഥാപിക്കുന്നതിനായുള്ള 12.29 ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കി 25-02-2022-ന് വൈപ്പിൻ ബ്ലോക്കിൽ സമർപ്പിച്ചിട്ടുള്ളതാണ്. ഇതിനായുള്ള ഫണ്ട് ലഭ്യമാക്കി, പ്രസ്തുത പ്രവൃത്തി ചെയ്യുകയാണെങ്കിൽ ഈ ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

**3.** നായരമ്പലം പഞ്ചായത്തിലെ നെടുങ്ങാട് ഭാഗം - പ്രസ്തുത ഭാഗത്ത് നിലവിലുള്ള സംവിധാനത്തിലൂടെ ആവശ്യത്തിനുള്ള വെള്ളം ലഭിക്കുന്നില്ല. ഇതിന് പരിഹാരമായി നെടുങ്ങാടേക്കുള്ള പഴയ പാലത്തിനു മുകളിലൂടെ സ്ഥാപിച്ചിട്ടുള്ള പൈപ്പ് പുഴയിലൂടെ സ്ഥാപിക്കുന്ന പ്രവൃത്തിക്കായി വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പണം അടച്ചിട്ടുള്ളതും, ഇതിന്റെ ദർഘാസ് നടപടികൾ അവസാന ഘട്ടത്തിലുമാണ്. ടി. പ്രവൃത്തി ചെയ്യുന്ന മുറയ്ക്ക് നെടുങ്ങാട് ഭാഗത്തെ കുടിവെള്ള ക്ഷാമത്തിന് പരിഹാരമാകും.

വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ നീട്ടുന്നതിനായി വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് 32,22,000/- രൂപയും, പള്ളിപ്പുറം ഗ്രാമ പഞ്ചായത്ത് 15,00,000/- രൂപയും കേരള വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പണികൾ ഉടൻ തന്നെ ആരംഭിക്കുന്നതായിരിക്കും. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ശുദ്ധജല വിതരണത്തിൽ അഭിവൃദ്ധിയുണ്ടാകും.

പെരുമ്പാവൂർ പ്രൊജക്ട് ഡിവിഷൻ മുഖാന്തിരം മുരുക്കുംപാടത്ത് നിലവിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല സംഭരണിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ടാങ്കിലേക്കുള്ള പമ്പിംഗ് മെയിന്റെ ഇന്റർ കണക്ഷൻ പ്രവൃത്തികളും, മോട്ടോർ പമ്പ് സെറ്റുകളുടെ പരിശോധനയും, അറ്റകുറ്റപ്പണികളും, നിലവിലുള്ള വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തികളും പ്രൊജക്ട് ഡിവിഷൻ മുഖാന്തിരം പൂർത്തീകരിക്കുവാനുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് അധിക ജലം ലഭ്യമാക്കിയാൽ ടി. ടാങ്ക് കമ്മീഷൻ ചെയ്യുവാൻ സാധിക്കും. മുടങ്ങിക്കിടന്നിരുന്ന ഞാറക്കൽ ടാങ്കിന്റെ നിർമ്മാണവും പ്രെജക്ട് ഡിവിഷൻ മുഖാന്തിരം പുരോഗമിക്കുന്നുണ്ട്.

## ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം നൽകിയ കണക്ഷനുകളുടെ വിവരങ്ങൾ :

➢ **2020-21-ൽ അംഗീകാരം ലഭിക്കുകയും, നൽകുകയും ചെയ്ത കണക്ഷനുകളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | പഞ്ചായത്ത് | അംഗീകാരം ലഭിച്ച കണക്ഷനുകളുടെ എണ്ണം | നൽകിയ കണക്ഷനുകളുടെ എണ്ണം |
|---|---|---|---|
| 1 | എളംകുന്നപ്പുഴ | 1,000 | 1,000 |
| 2 | ഞാറക്കൽ | 450 | 450 |
| 3 | നായരമ്പലം | 425 | 426 |
| 4 | എടവനക്കാട് | 1,050 | 707 |
| 5 | കുഴുപ്പിള്ളി | - | - |
| 6 | പള്ളിപ്പുറം | 1,234 | 709 |
| | **മൊത്തം** | **4,159** | **3,292** |

➢ **2021-22-ൽ അംഗീകാരം ലഭിക്കുകയും, നൽകുകയും ചെയ്ത കണക്ഷനുകളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | പഞ്ചായത്ത് | അംഗീകാരം ലഭിച്ച കണക്ഷനുകളുടെ എണ്ണം | നൽകിയ കണക്ഷനുകളുടെ എണ്ണം |
|---|---|---|---|
| 1 | എളംകുന്നപ്പുഴ | 400 | - |
| 2 | ഞാറക്കൽ | 300 | 237 |
| 3 | നായരമ്പലം | 600 | 564 |
| 4 | എടവനക്കാട് | - | - |
| 5 | കുഴുപ്പിള്ളി | 350 | 262 |
| 6 | പള്ളിപ്പുറം | - | - |
| | **മൊത്തം** | **1,650** | **1,063** |


## ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചൊവ്വര ജല ശുദ്ധീകരണ ശാലയിൽ നടപ്പിലാക്കേണ്ട പ്രവർത്തികളെ സംബന്ധിച്ച വിവരങ്ങൾ :

ജൽ ജീവൻ മിഷൻ പദ്ധതിയിൽ പദ്ധതിയിൽ ഉൾപ്പെടുത്തി ചേന്ദമംഗലം, വടക്കേക്കര, ഏഴിക്കര, നായരമ്പലം, എടവനക്കാട്, പള്ളിപ്പുറം എന്നീ പഞ്ചായത്തുകളിലെ ജലവിതരണം മെച്ചപ്പെടുത്തുവാൻ അംഗീകാരം ലഭിച്ച പദ്ധതികളിലെ ബാക്കി തുക ഉപയോഗിച്ച് പ്രസ്തുത പഞ്ചായത്തുകളിലെ ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സായ ചൊവ്വര ജലശുദ്ധീകരണ ശാലയുടെ പുനരുദ്ധാരണത്തിനും, നവീകരണത്തിനുമായി 482.50 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

| ഘടകം | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|
| 63 Mld ശേഷിയുള്ള ജലശുദ്ധീകരണ ശാലയിലെ കേടായ 6, 7 ബെഡുകളുടെ നവീകരണവും, അനുബന്ധ പ്രവൃത്തികളും. | 127.00 | പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |
| പുതിയ 600 HP മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയും, സബ് സ്റ്റേഷന്റെ നവീകരണ പ്രവൃത്തികളും. | 133.00 | പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |
| 600 HP മോട്ടോറിന്റെ റീവൈൻഡിങ്ങും, അനുബന്ധ പ്രവർത്തികളും | 11.50 | പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട് |
| സ്റ്റോർ റൂമിന്റെ നിർമ്മാണവും, ജലശുദ്ധീകരണശാലയിലെ ക്ലാരിഫയർ യൂണിറ്റുകളുടെ അറ്റകുറ്റപണികളും, അനുബന്ധ പ്രവർത്തികളും | 71.00 | സ്റ്റോർ റൂമിന്റെ നിർമ്മാണം ആരംഭിച്ചു. ക്ലാരിഫയർ യൂണിറ്റുകളുടെ അറ്റകുറ്റപണികളുടെ അടങ്കൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |
| ആലുവ സബ് സ്റ്റേഷൻ മുതൽ ചൊവ്വര ജലശുദ്ധീകരണ ശാല വരെ ഇലക്ട്രിക്കൽ ഫീഡർ ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി (പാർട്ട്-1 & 2) | 140.00 | പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തയാറാക്കി നൽകുവാൻ KSEB-യോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ചൊവ്വരയിൽ ജലശുദ്ധീകരണ ശാലയോട് ചേർന്ന് പുതിയ സബ് സ്റ്റേഷൻ പണിയുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടെന്നും, പ്രസ്തുത പ്രവൃത്തി 2024-25-ൽ പൂർത്തീകരിക്കുമെന്നും, അതിനു ശേഷം സബ് സ്റ്റേഷനിൽ നിന്നും ഇലക്ട്രിക്ക് കേബിളുകൾ സ്ഥാപിച്ചാൽ മതിയെന്നും KSEB അറിയിച്ചിട്ടുണ്ട്. |
| **മൊത്തം തുക** | **482.50** | |

പ്രസ്തുത പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റിയുടെ ആലുവ ഡിവിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

# PUTHUVYPE PUMPING MAIN SCHEMATIC DIAGRAM



# N.PARAVOOR PUMPING MAIN SCHEMATIC DIAGRAM

